**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **08-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | **കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയായ ഹെൽത്തി കിഡ്സ് പദ്ധതി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കീക്കാംകോട്ട് ജി.എൽ.പി.എസിൽ നടപ്പിലാക്കുന്നുണ്ട്.** |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ശിപാർശ ചെയ്യപ്പെട്ടതും നടപ്പിലാക്കുന്നതിന് പ്രാഥമിക നടപടികൾ സ്വീകരിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്നും ആയത് നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ബി) | **കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, തീരദേശ മേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഗോൾ പദ്ധതി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.** |

സെക്ഷൻ ഓഫീസർ